

ആന്റൺ
ചെഖോവ്
Пари
the bet

www.kcmeenankal.blogspot.com
kcmeenankal@gmail.com

പല്ല്

അന്തോൺ ചെഖോവ്
വിവ: വി.ആർ.സന്തോഷ്

പ്രസാധനം
കുട്ടികളുടെ ചർച്ചാവേദി
മീനാങ്കൽ
2021



കുട്ടികളുടെ ചർച്ചാവേദി


പല്ല്

അന്തോൺ ചെഖോവ്

АНТОН ЧЕХОВ
ആന്തോൺ ചെഖോവ്

пари പള്

1889ൽ പ്രസിദ്ധീകരിച്ച ചെഖോവിന്റെ пари(പരി) എന്ന കഥ ഏറെ പ്രസിദ്ധമാണ്. രണ്ട് ആശയങ്ങൾക്കുമേൽ പന്തയം വയ്ക്കുന്ന രണ്ടു മനുഷ്യർ. അവർ എത്തിച്ചേരുന്ന വിചിത്ര ലോകങ്ങളെ വരച്ചുകാട്ടുന്ന ഈ കഥ കോവിഡ് 19 മഹാമാരിയുടെ കാലത്ത് ശ്രദ്ധാപൂർവം വായിക്കേണ്ട കഥയാണ്. കുട്ടികളുടെ ചർച്ചാവേദി എന്ന ഓൺലൈൻ കൂട്ടായ്മയുടെ ഒന്നാം വാർഷികത്തിന്റെ ഓർമ്മയ്ക്ക് ഈ കഥ 'പള്'എന്ന പേരിൽ പുസ്തകമാക്കിയിരിക്കുന്നു. പരിഭാഷയും ചിത്രങ്ങളും വി.ആർ.സന്തോഷ്.



പന്തയം

(the bet)

അന്തോൺചെഖോവ്
വിവർത്തനം: വി.ആർ.സന്തോഷ്
ചിത്രങ്ങൾ: വി.ആർ.സന്തോഷ്

പ്രസാധനം: കുട്ടികളുടെ ചർച്ചാവേദി
ബ്ലോഗ്: kcmeenankal.blogspot.com
ഇമെയിൽ: kcmeenankal@gmail.com
പ്രസാധനം ചെയ്ത വർഷം: 2021

സ്വതന്ത്ര സോഫ്റ്റ് വെയറും ടൂളുകളും ഉപയോഗിച്ച് നിർമ്മിച്ചതാണ് ഈ പുസ്തകം.

കൃത, സ്ക്രൈബസ്, ഗ്നു ഇമേജ് മാനിപുലേഷൻ പ്രോഗ്രാം എന്നീ സോഫ്റ്റ്വെയറുകളും മഞ്ജരി,എഴുത്ത്,ബലൂചേട്ടൻ,ശോകനാശിനി,രചന,ഉറൂബ്,റ്റി.എൻ.ജോയി, API PHONÉTIQUE എന്നീ ഫോണ്ടുകളും പുസ്തകനിർമ്മിതിക്കുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

KC/01/digi/09-21

പ്രസാധകക്കുറിപ്പ്

പ്രിയപ്പെട്ട വായനക്കാരെ,

നമ്മുടെ ജീവിതക്രമത്തെ തന്നെ മാറ്റിമറിച്ച കോവിഡ് 19 കാലഘട്ടത്തിലൂടെയാണ് നമ്മൾ രണ്ടു വർഷമായി കടന്നു പോകുന്നത്. കോവിഡിന്റെ ആദ്യവ്യാപന സമയങ്ങളിൽ വീടിനുള്ളിൽ തളയ്ക്കപ്പെട്ടപ്പോൾ നമ്മൾ നമ്മളെയും വീട്ടുകാരെയും അടുത്തറിയാൻ തുടങ്ങി. കൂടാതെ മഹാമാരിക്കാലത്തിനു മുമ്പുള്ള സ്വതന്ത്രമായ ദിനങ്ങൾ നമ്മളെ, പ്രത്യേകിച്ച് കുട്ടികളെ അലട്ടാനും തുടങ്ങി. ഇങ്ങനെ എല്ലാവരും മാനസികമായി തളർന്നിരിക്കുന്ന സമയത്താണ്, കുട്ടികളും സോഷ്യൽ സയൻസ് ക്ലബ്ബും മുൻകാലങ്ങളിൽ സ്കൂളിൽ നടത്തിയ ചർച്ചാവേദി എന്ന പ്രധാനപ്പെട്ട ഒരു പ്രോഗ്രാം എന്റെ ഓർമയിൽ വന്നത്. പഠനവും, ആഘോഷങ്ങൾ പോലും ഓൺലൈനിൽ ആയ സാഹചര്യത്തിൽ എന്തുകൊണ്ട് കുട്ടികൾക്കായൊരു പ്ലാറ്റ്ഫോം രൂപീകരിച്ചുകൂടാ എന്ന ചിന്തയിൽ നിന്നാണ് കുട്ടികളുടെ ഓൺ ലൈൻ ചർച്ചാവേദി എന്ന ആശയത്തിലേക്ക് ഞങ്ങൾ 4 വിദ്യാർത്ഥിനി സുഹൃത്തുക്കൾ എത്തുന്നത്. അങ്ങനെ 2020 ജൂലൈ മാസത്തിൽ 'കുട്ടികളുടെ ചർച്ചാവേദി മീനാങ്കൽ' എന്ന ഓൺലൈൻ കൂട്ടായ്മ ഉണ്ടായി. ചിങ്ങമാസം മുതൽ കാര്യക്ഷമമായ പല ചർച്ചകളും നടത്താനായി. പല കാര്യങ്ങളുടെയും വിവിധ വശങ്ങൾ സൂക്ഷ്മതയോടെ നിരീക്ഷിക്കാനും, പല പുസ്തകങ്ങളെയും കുറിച്ച് അറിയാനും കഴിഞ്ഞു. ആയിടയ്ക്കാണ് പ്രിയപ്പെട്ട ഒരു അദ്ധ്യാപകൻ എനിക്ക് അന്തോൺ ചെഖോവിന്റെ 'പരി' എന്ന റഷ്യൻ കഥയുടെ ഇംഗ്ലീഷ് വിവർത്തനമായ 'the bet' എന്ന കഥ നിർദ്ദേശിച്ചത്.

നമ്മുടെ പ്രവർത്തനത്തിന്റെ (കുട്ടികളുടെ ഓൺലൈൻ ചർച്ചാവേദി) ഒന്നാം വാർഷികത്തോടനുബന്ധിച്ച് ഈ കഥയുടെ മലയാള വിവർത്തനവും, ഇതിന്റെ തന്നെ ഓഡിയോ

ബുക്കും ഇറക്കാൻ തീരുമാനിച്ചു. ഓഡിയോബുക് നമ്മുടെ ബ്ലോഗിൽ പോഡ്കാസ്റ്റ് രൂപത്തിൽ പുറത്തിറക്കുന്നുണ്ട്. ഇത് ഞങ്ങളുടെ അവസാന പ്രവർത്തനം കൂടിയാണ്. ഈ കഥ നൂറു കണക്കിനാളുകളുടെ ശബ്ദത്തിൽ ഓഡിയോ ബുക് ആയി പുറത്തിറങ്ങണമെന്ന ആഗ്രഹവും ഞങ്ങൾക്കുണ്ട്.

ഒരേ വിഷയത്തിൽ പല വ്യക്തികളുടെ നിരീക്ഷണം വളരെ വ്യത്യസ്തമായിരിക്കും എന്ന തിരിച്ചറിവ് നൽകുന്ന ഈ കഥ വായനയുടെ ലോകത്തിന്റെ വിശാലത വെളിപ്പെടുത്തുന്നു. തികച്ചും മണ്ടത്തരമായ പന്തയം എന്നു കരുതുമെങ്കിലും നിശ്ചയദാർഢ്യത്തിനെക്കുറിച്ചും നമ്മുക്കേറെ പ്രിയപ്പെട്ട സമ്പത്തിന്റെ നശ്വരതയെ കുറിച്ചും പറയുന്നു. വളരെ ആകർഷകമായ ഈ കഥ എല്ലാവർക്കും ഏറെ പ്രിയപ്പെട്ടതാകുമെന്നതിൽ സംശയമില്ല.

ഈ കഥയുടെ തനിമ നഷ്ടപ്പെടാതെ തന്നെ വി.ആർ. സന്തോഷ് 'പന്ത്' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട് . കൂടാതെ വളരെ മനോഹരമായ ചിത്രങ്ങളും വരച്ചുതന്നു. അദ്ദേഹത്തിനു ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഓൺലൈൻ ചർച്ചാവേദിയുടെ ഭാഗമായി നമ്മളോടൊപ്പം സഹകരിച്ച, സഹായിച്ച എല്ലാ രക്ഷകർത്താക്കൾക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഈ നിമിഷത്തിൽ നന്ദി അറിയിക്കുന്നു.

ചർച്ചാവേദി കൂട്ടുകാർക്കു വേണ്ടി
അഭിരാമി.എസ്

സ്വാതന്ത്ര്യം പന്തയമല്ല

സ്വാതന്ത്ര്യത്തിന്റെ വെളിച്ചം ഏത് ഇരുട്ടിനേയും ഇല്ലാതാക്കുമെന്ന് വെളിപ്പെടുത്തുന്ന കഥയാണ് അന്തോൺ ചെഖോവിന്റെ 'ദ ബെറ്റ്''. ഒരു പണവ്യാപാരി നടത്തുന്ന സൽക്കാരത്തിനിടയിൽ പലവിധ ചർച്ചകൾ നടക്കുന്നു. അതിൽ ജീവപര്യന്തം ശിക്ഷയെക്കുറിച്ചും വധശിക്ഷയെക്കുറിച്ചും ചർച്ച നടക്കുന്നുണ്ട്. പണവ്യാപാരിക്ക് വധശിക്ഷയോടാണ് താല്പര്യം. സൽക്കാരത്തിൽ പങ്കെടുക്കുന്ന ഉന്നത ശ്രേണിയിലുള്ള വ്യക്തികൾക്ക് വധശിക്ഷയിൽ താല്പര്യമില്ല. ആ സംവാദത്തിനൊടുവിൽ ഇരുപത്തിയഞ്ചു വയസുകാരനായ ഒരു വക്കീൽ വധശിക്ഷയേക്കാൾ എന്തുകൊണ്ടും നല്ലത് ജീവപര്യന്തമാണെന്ന് പണവ്യാപാരിയോട് വ്യക്തമായി പറയുന്നു. ജീവിതം എന്തുകൊണ്ടും മരണത്തേക്കാൾ നല്ലതാണെന്ന യുവാവിന്റെ അറിവും പ്രാകൃത സമൂഹത്തിൽ മാത്രം നടക്കുന്ന ഒന്നാണ് വധശിക്ഷ എന്ന കാഴ്ചപ്പാടുമാണ് കാരണം. അങ്ങനെ അവർ ഒരു പന്തയത്തിലെത്തുന്നു. രണ്ടു ദശലക്ഷം റൂബിൾ പന്തയത്തിൽ പതിനഞ്ചു വർഷത്തെ തടവിന് യുവാവ് സമ്മതിക്കുന്നു. യുവാവ് തന്റെ സ്വാതന്ത്ര്യം ലംഘിച്ചുകൊണ്ടുള്ള പന്തയത്തിൽ, പണവ്യാപാരിയുടെ ഉദ്യാനഗൃഹത്തിൽ തടവിലാകുന്നു. കർശന നിബന്ധനകളുള്ള പന്തയത്തിൽ പുസ്തകങ്ങൾ, സംഗീതം, മദ്യം, പുകവലി എന്നിവ അനുവദിക്കുന്നു. മുറിക്കു പുറത്തു കടക്കാൻ പാടില്ല. ഉദ്യാനഗൃഹത്തിലെ കൊച്ചു ജനലിലൂടെ കുറിപ്പിനനുസരിച്ച് അവശ്യസാധനങ്ങളെത്തിക്കും. കൃത്യ സമയം വച്ചിട്ടുള്ള പന്തയത്തിൽ അവസാന നിമിഷത്തിൽ പോലും കരാർ തെറ്റിച്ചാൽ തടവുശിക്ഷ അനുഭവിക്കുന്ന ചെറുപ്പക്കാരന് രണ്ടു ദശലക്ഷം നഷ്ടമാകും. ഈ രീതിയിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ജീവിതം നയിക്കുന്ന യുവാവിന്റെ തടവു ഘട്ടങ്ങളാണ് കഥയിൽ വിവരിക്കുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിൽ എഴുതിയ ഇക്കഥ ഇരുപത്തൊന്നാം നൂറ്റാണ്ടിലും മനുഷ്യരാശിയിലേക്കെത്തുന്നുവെന്നത് എന്തുകൊണ്ടെന്ന് ആരെങ്കിലും ചോദിച്ചാൽ അതിനുത്തരം, ഇത് എപ്പോഴും സംഭവിക്കാമെന്നതാണ്. മനുഷ്യൻ സ്വാതന്ത്ര്യവും വെളിച്ചവും ആഗ്രഹിക്കുന്ന ജീവിയാണ്. ഇരുട്ടു വീഴുമ്പോൾ മനുഷ്യൻ ഭയപ്പെടുന്നു. അതിനാൽ വെളിച്ചം വരും വരെ തന്റെ ബോധത്തെ സ്വസ്ഥമാക്കാൻ വേണ്ടി ഉറങ്ങുന്നു. രാത്രി ഒരു മനുഷ്യനും ഉറങ്ങാൻ കഴിഞ്ഞില്ലെങ്കിൽ ലോകത്തിന്റെ സ്ഥിതി എന്തായിരിക്കും? ആലോചിക്കുംതോറും ഭ്രമാത്മക ലോകമായിരിക്കും മുന്നിലുണ്ടാകുക. അത്തരം യാഥാർത്ഥ്യം കൊണ്ടു മുറിഞ്ഞ ഭ്രമാത്മക ലോകത്തിലൂടെയാണ് നമ്മൾ കടന്നു പോയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ് നമ്മുടെ സ്വാതന്ത്ര്യത്തെ തകിടം മറിച്ചു. പരസ്യജീവിതം ഇല്ലാതാക്കി. പന്തയത്തിലെ യുവാവിനെപ്പോലെയായി ലോകത്തിന്റെ ജീവിതം. വുഹാനിൽ നിന്നാരംഭിച്ച കൊറോണയുടെ പന്തയംവയ്പിൽ നിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുകയാണ് നാമേവരും. കഥയിലെ പണക്കാരനെപ്പോലെയാണ് കോവിഡിന്റെ പെരുമാറ്റം. കരാറോട്ടുകൂടിയ ജീവിതമാണ് നാം നയിക്കുന്നത്. യുവാവിന് സ്വാതന്ത്ര്യം നഷ്ടമായപ്പോൾ എഴുതിയ കത്തു പോലെ നാം മൊബൈലിലൂടെയും ഇൻററനെറ്റിലൂടെയും ഫെയ്സ്ബുക്കിലൂടെയും ക്ലബ്ബ് ഹൗസിലൂടെയും മാറിയ കാലത്തിന്റെ ഉപകരണ കത്തുകളെഴുതി ക്ഷീണിക്കുന്നു. നിരാശരാകുന്നു. പണവ്യാപാരിയെപ്പോലെ കോവിഡുമാത്രം പാപ്പരാകുന്നില്ല. എന്നാൽ വാക്സിനിലൂടെ നമുക്കതിനു സാധ്യമാകുമ്പോൾ യുവാവ് കണ്ടെത്തിയ സ്വാതന്ത്ര്യം നാം കണ്ടെത്തും. അത് ഏറ്റവും അടുത്ത നിമിഷത്തിലോ സുപ്രഭാതത്തിലോ ആകാം. യുവാവ് ദശലക്ഷക്കണക്കിന് രൂപ വലിച്ചെറിഞ്ഞ് സ്വയം നേടിയ സ്വാതന്ത്ര്യബോധം തന്നെയാണ് നമുക്കുള്ളത്.

അതുകൊണ്ടാണ് ഇരുണ്ട ഏതുകാലത്തും ആന്തോൺ ചെഖോവിന്റെ പന്തയം എന്ന കഥ പ്രസക്തമാകുന്നത്. ഇനിയും നൂറോ ഇരുന്നൂറോ വർഷം കഴിഞ്ഞാലും പ്രസക്തമാകുന്നതും ഇത്തരം ഇരുണ്ട കാലമുണ്ടാകുമെന്നതുകൊണ്ടാണ്. ഇരുണ്ട കാലങ്ങളിൽ നാം എപ്പോഴും ഇരുണ്ടു പോകും. എങ്കിലും നമുക്കുള്ളിൽ അവശേഷിച്ചിട്ടുള്ള

സ്വതന്ത്ര്യബോധം നമ്മെ രക്ഷിക്ക തന്നെ ചെയ്യും. ആ സ്വതന്ത്ര്യബോധം ഉണർത്തിയാണ് ഈ കോവിഡു കാലത്തും നാം മുന്നോട്ടു പോകുന്നത്. ചെറു ജനലുകളിലുള്ള വെളിച്ചങ്ങൾ നമ്മെ മുന്നോട്ടു നയിക്കുമെന്നാണ് സാഹചര്യങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്നത്. വിവേകം നമ്മെ രക്ഷപ്പെടുത്തും. ധനത്തിന്റെ സുരക്ഷയേക്കാൾ നാം ലോകത്ത് സ്വതന്ത്ര്യരാകാൻ ഇഷ്ടപ്പെടുമ്പോൾ, ഇല്ലാത്ത ഊർജ്ജം ശേഖരിച്ച് നാം രക്ഷപ്പെടും. ഇക്കഥ ഇരുണ്ട തടവറയിൽപ്പോലും രക്ഷയുമായെത്തുന്നത് അങ്ങനെയാണ്. സ്വാഭാവികമായ പ്രപഞ്ചസത്യം എന്നത് അതാണ്. മഹത്തായ രചനകളിൽ അതുണ്ട്. അന്തോൺ ചെഖോവ് മഹത്തായ രചയിതാവാകുന്നത് പ്രപഞ്ചസത്യം കഥയിലൂടെ പ്രാവർത്തികമാക്കുന്നതുകൊണ്ടാണ്. ടോൾസ്റ്റോയിയേയും ദസ്തയേവ്സ്കിയേയും പോലെ അന്തോൺ ചെഖോവും മഹാനായ എഴുത്തുകാരനായി മാറുന്നത് ഈ സത്യങ്ങൾ വെളിപ്പെടുത്തുന്നതു കൊണ്ടാണ്. അവർ എഴുതുന്നത് നമ്മെ ആഴത്തിൽ സ്വാധീനിക്കുന്നതും അതിനാലാണ്.


ആ ശക്തിയാണ് ഇരുണ്ട കോവിഡു കാലത്തും ചെഖോവിന്റെ 'പന്തയം' നമ്മെ വായിക്കാൻ പ്രേരിപ്പിക്കുന്നത്. ശ്രേഷ്ഠങ്ങളായ ചെറുകഥകളും നാടകങ്ങളും സമ്മാനിച്ചിട്ടുള്ള ചെഖോവ് റഷ്യൻ സഹിത്യത്തെ സമ്പന്നമാക്കുന്നതിനോടൊപ്പം ലോകസാഹിത്യത്തെയും സമ്പന്നമാക്കിയത് ഇത്തരത്തിലുള്ള രചനാവൈഭവം കൊണ്ടാണ്.

റഷ്യയിൽ ഈ കഥയുടെ പേര് 'പരി' എന്നാണ്. ഇതിന് മലയാളത്തിൽ 'വാതുവെയ്പ്', 'പന്തയം' എന്നെല്ലാം പൊതുവായി പറയാം. പക്ഷേ അത് നമ്മൾ സ്ഥിരമായി ഉപയോഗിക്കുന്നതിനാൽ ബെറ്റിന് സമാനമായ അർത്ഥമുള്ള പുതിയൊരു തലക്കെട്ട് അന്വേഷിക്കുകയുണ്ടായി. മലയാളത്തിൽ എവിടെയും പന്തയം എന്നു തന്നെ പറയുന്നതിനാൽ ആ അന്വേഷണം വഴിമുട്ടുകയുണ്ടായി. ഒടുവിൽ സമാനമായ പദം കാസർഗോഡു നിന്നാണ് ലഭിച്ചത്. 'പരി' എന്ന റഷ്യൻ നാമത്തോട് അടുത്തു നില്ക്കുന്ന 'പള്' എന്ന അർത്ഥപദമാണ് ഇവിടെ ബെറ്റിന് ഉപയോഗിച്ചിരിക്കുന്നത്. ഇതൊരു പ്രാദേശികമായ പദമാണെങ്കിലും അത് മലയാളത്തിന്

പൊതുവിൽ സ്വന്തമാകട്ടെ എന്ന കരുതിയാണ് ഇവിടെ ഉപയോഗിക്കുന്നത്. ഈ വാക്ക് സമ്മാനിച്ചത് എഴുത്തുകാരനായ അംബികാസുതൻ മാങ്ങാടാണ്. അദ്ദേഹത്തിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിലെ കുട്ടികളെക്കൊണ്ട് കഥ വായിപ്പിച്ച് പോഡ്കാസ്റ്റ് ചെയ്യുന്ന മീനാങ്കലിലെ കുട്ടികളുടെ ചർച്ചാവേദിയിലെ കുഞ്ഞു കൂട്ടുകാരോടും അതിരറ്റ സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നു. അതിഭയങ്കരമായ ഇരുണ്ട കാലത്ത് ഈ കുഞ്ഞുങ്ങൾ കാട്ടുന്ന ഉത്സാഹത്തെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. ഇവർ ചെയ്യുന്ന ഈ പ്രവർത്തനം വായനയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഡിജിറ്റൽ കാലത്ത് വായനയെ എങ്ങനെയെല്ലാം ഉപയോഗിക്കാമെന്നതിന്റെ പാഠം കൂടിയാണ്. ഈ കുഞ്ഞുങ്ങളുടെ വലിയ മനസായിരിക്കാം നാളത്തെ അനശ്വര വായനയ്ക്കും കേൾവിക്കും മാതൃകയാകുക. ഇവരോടൊപ്പം വായനാ കേൾവിക്ക് നമുക്കും പങ്കാളിയാകാം.

അധികം സ്നേഹത്തോടെ
വി.ആർ.സന്തോഷ്



അന്തോൺ ചെഖോവ് (1860-1904) റഷ്യയിൽ ജനിച്ച ലോകോത്തര ചെറുകഥാകൃത്തും നാടകകൃത്തുമാണ്. അദ്ദേഹത്തിന്റെ 'ദ ബെറ്റ്' എന്ന ഈ കഥ മഹാമാരികളുടെയും ദുരന്തങ്ങളുടെയും കാലത്ത് മനുഷ്യൻ ജീവിതത്തെ എങ്ങനെ കാണുന്നുവെന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ്.

മനുഷ്യരോട് നിരവധി ചോദ്യങ്ങൾ ഉന്നയിക്കുന്ന ഇക്കഥ ഈ മഹാമാരിക്കാലത്തും ഏറെ പ്രസക്തമാവുന്നു.



അതൊരിരുണ്ട ശരത്കാല രാത്രിയായിരുന്നു. കിഴവൻ പണവ്യാപാരി പഠനമുറിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുകയും പതിനഞ്ചു വർഷം മുൻപത്തെ ഒരു ശരത്കാല സായാഹ്നത്തിൽ താൻ എങ്ങനെയായിരുന്ന വിരുന്നുസൽക്കാരം നടത്തിയതെന്ന് ഓർക്കുകയുമായിരുന്നു. അവിടെ ധാരാളം സമർത്ഥരായ ആളുകളും രസകരമായ സംഭാഷണങ്ങളും നടന്നിരുന്നു. മറ്റു കാര്യങ്ങൾക്കിടയിൽ വധശിക്ഷയെക്കുറിച്ചും അവർ സംസാരിച്ചിരുന്നു. ധാരാളം പത്രപ്രവർത്തകരും ബുദ്ധിജീവികളും അടങ്ങുന്ന അതിഥികളിൽ ഭൂരിഭാഗം വരുന്നവരും വധശിക്ഷയെ നിരാകരിച്ചു. ആ ശിക്ഷാരീതി കാലഹരണപ്പെട്ടതും അധാർമ്മികവും ക്രിസ്ത്യൻ രാജ്യങ്ങൾക്ക് അനുചിതവുമാണെന്ന് അവർ അഭിപ്രായപ്പെട്ടു. വധശിക്ഷയ്ക്കു പകരം എല്ലായിടത്തും ജീവപര്യന്തം തടവുശിക്ഷ വരണമെന്നായിരുന്നു അവരിൽ ചിലരുടെ അഭിപ്രായം.

"ഞാൻ നിങ്ങളുടെ അഭിപ്രായത്തോട് യോജിക്കുന്നില്ല," അവരുടെ ആതിഥേയനായ പണവ്യാപാരി പറഞ്ഞു. "ജീവപര്യന്തം തടവിനോ വധശിക്ഷയ്ക്കോ വേണ്ടി ഞാൻ ശ്രമിച്ചിട്ടില്ല. എന്നാൽ കാര്യകാരണം സഹിതം ഒരാൾ വിധിക്കുകയാണെങ്കിൽ വധശിക്ഷ, ജീവപര്യന്തം തടവിനേക്കാൾ ധാർമ്മികവും മനുഷ്യത്വപരവുമാണ്. വധശിക്ഷ ഒരാളെ ഒറ്റയടിക്ക് കൊല്ലുകയാണെങ്കിൽ ആജീവനാന്ത തടവ് അയാളെ ഇഞ്ചിഞ്ചായി കൊല്ലുകയാണ്. ഏതാണു നിമിഷങ്ങൾക്കുള്ളിൽ നിങ്ങളെ കൊല്ലുന്ന ആളോ അതോ വളരെ വർഷങ്ങളെടുത്ത് നിങ്ങളിൽ നിന്ന് ജീവൻ

വലിച്ചെടുത്ത് ഇല്ലാതാക്കുന്ന ആളോ ആരാണ് കൂടുതൽ മനുഷ്യത്തമുള്ള ആരാച്ചാർ?"

"രണ്ടും ഒരു പോലെ അധാർമികമാണ് " അതിഥികളിൽ ഒരാൾ അഭിപ്രായപ്പെട്ടു. " കാരണം അവയ്ക്കു രണ്ടിനും ഒരേ ലക്ഷ്യം തന്നെയാണ് - ജീവനെടുക്കുക. രാഷ്ട്രം ദൈവമല്ല. ആവശ്യമുള്ളപ്പോൾ വീണ്ടെടുക്കാനാവാത്തതിന് എടുത്തു മാറ്റാനും അവകാശമില്ല."

അതിഥികൾക്കിടയിൽ ഇരുപത്തഞ്ചു വയസുള്ള ഒരു യുവ അഭിഭാഷകൻ ഉണ്ടായിരുന്നു. അവനോട് അഭിപ്രായം ചോദിച്ചപ്പോൾ അവൻ പറഞ്ഞു:

"വധശിക്ഷയും ജീവപര്യന്തവും ഒരു പോലെ അധാർമ്മികമാണെങ്കിലും വധശിക്ഷയ്ക്കും ജീവപര്യന്തം തടവുശിക്ഷയ്ക്കും ഇടയിൽ ഏതെങ്കിലുമൊന്നു തിരഞ്ഞെടുക്കേണ്ടി വന്നാൽ, ഞാൻ തീർച്ചയായും രണ്ടാമത്തേത് തിരഞ്ഞെടുക്കും. എങ്ങനെയെങ്കിലും ജീവനോടെ ഇരിക്കുന്നതാണല്ലോ നല്ലത് "

അതുമായി ബന്ധപ്പെട്ട് സജീവമായ ഒരു ചർച്ച ഉയർന്നു വന്നു. അക്കാലത്ത് ചെറുപ്പവും ക്ഷുഭിതനുമായ പണവ്യാപാരി ആവേശഭരിതനായി മുഷ്ടി കൊണ്ട് പെട്ടെന്ന് മേശമേൽ ഇടിച്ച് ചെറുപ്പക്കാരനോട് ആക്രോശിച്ചു:

"അതു ശരിയല്ല! അഞ്ചു വർഷം നിങ്ങൾക്ക് ഏകാന്ത തടവിൽ കഴിയാനാവില്ലെന്ന് ഞാൻ രണ്ടു ദശലക്ഷത്തിന് വേണമെങ്കിൽ പന്തയം വെയ്ക്കാം".

"നിങ്ങൾ ആത്മാർത്ഥമായി വിചാരിക്കുന്നെങ്കിൽ " യുവാവ് പറഞ്ഞു, " ഞാൻ അതു സ്വീകരിക്കാം, അഞ്ചല്ല, പതിനഞ്ചു വർഷം ഞാൻ തടവിൽ കഴിയാം."

"പതിനഞ്ച്? ഉറപ്പിച്ചു!" പണവ്യാപാരി ഉറക്കെ വിളിച്ചു



പറഞ്ഞു. "മാന്യരേ, ഞാൻ രണ്ട് ദശലക്ഷത്തിന് പന്തയം വെച്ചിരിക്കുന്നു!"

" സമ്മതിച്ചു! നിങ്ങൾ ദശലക്ഷങ്ങളും ഞാനെന്റെ സ്വാതന്ത്ര്യവും പന്തയം വെച്ചിരിക്കുന്നു" യുവാവ് പറഞ്ഞു.

ഭ്രാന്തവും വിവേകശൂന്യവുമായ പന്തയം നടപ്പിൽ വന്നു! കണക്കറ്റ ദശലക്ഷങ്ങൾ കയ്യിലുള്ള ദുഷിച്ച ബാലിശസ്വഭാവമുള്ള പണവ്യാപാരി പന്തയത്തിൽ ആഹ്ലാദിച്ചു. അത്താഴസമയത്ത് അയാൾ യുവാവിനെ കളിയാക്കിക്കൊണ്ടു പറഞ്ഞു:

"സമയം കിട്ടുമ്പോൾ നന്നായൊന്നു ചിന്തിച്ചു നോക്ക് ചെറുപ്പക്കാരാ, എനിക്ക് രണ്ടു ദശലക്ഷം എന്നത് നിസ്സാര കാര്യമാണ്. പക്ഷേ നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും നല്ല മൂന്നോ നാലോ വർഷം നഷ്ടപ്പെടുത്തുകയാണ്. നിങ്ങൾക്ക് അതിലധികം പിടിച്ചു നില്ക്കാനാവാത്തതുകൊണ്ടാണ് ഞാൻ മൂന്നോ നാലോ എന്നു പറഞ്ഞത്. അസന്തുഷ്ടനായ മനുഷ്യാ, സ്വമേധയാലുള്ള തടവ് നിർബന്ധിത തടവിനേക്കാൾ ബുദ്ധിമുട്ടേറിയ കാര്യമാണെന്നത് മറക്കുകയും അരുത്. ഏതു നിമിഷവും അതിൽ നിന്നു പുറത്തു കടക്കാൻ നിങ്ങൾക്ക് അവകാശമുണ്ടെന്ന ചിന്ത ജയിലിലെ നിങ്ങളുടെ നിലനില്പിനെ പൂർണ്ണമായും വിഷലിപ്തമാക്കും. ഇക്കാര്യത്തിൽ നിങ്ങളോടെനിക്ക് സഹതാപമുണ്ട്".

ഇപ്പോൾ ഇതെല്ലാം ഓർത്തുകൊണ്ട് പണവ്യാപാരി അങ്ങോട്ടുമിങ്ങോട്ടും നടന്ന് സ്വയം ചോദിച്ചു: "ആ പന്തയത്തിന്റെ ഉദ്ദേശ്യം എന്താണ്? ആ മനുഷ്യൻ ജീവിതത്തിൽ നിന്ന് പതിനഞ്ചു വർഷം നഷ്ടപ്പെടുത്തിയതുകൊണ്ടും ഞാൻ രണ്ടു ദശലക്ഷം വലിച്ചെറിഞ്ഞതുകൊണ്ടും എന്താണു ഗുണം? അതു കൊണ്ട് വധശിക്ഷ ജീവപര്യന്തം തടവിനേക്കാൾ മികച്ചതെന്നോ മോശമെന്നോ തെളിയിക്കാൻ പറ്റുമോ? ഇല്ലേ ഇല്ല. അതെല്ലാം ബുദ്ധിശൂന്യവും നിരർത്ഥകവും ആയിരുന്നു. എന്റെ ഭാഗത്തു നിന്നുള്ളത് അമിതലാളനക്കാരന്റെ മനഃശ്ചാഞ്ചല്യമായിരുന്നു,

അവന്റെ ഭാഗത്തു നിന്നുള്ളത് പണത്തോടുള്ള അത്യാർത്തിയും..."

അന്ന വൈകുന്നേരം തുടർന്ന് എന്താണു സംഭവിച്ചതെന്ന് അയാൾ ഓർത്തുനോക്കി. പണവ്യാപാരിയുടെ ഉദ്യാനഗൃഹങ്ങളിലൊന്നിൽ കർക്കശമായ മേൽനോട്ടത്തിൽ യുവാവ് വർഷങ്ങളോളം നീളുന്ന തടവിൽ കഴിയാമെന്നു തീരുമാനിച്ചു. പതിനഞ്ചു വർഷത്തേക്ക് ഉദ്യാനഗൃഹത്തിന്റെ ഉമ്മറപ്പടി കടക്കാനോ മനുഷ്യരെ കാണാനോ മനുഷ്യ ശബ്ദം കേൾക്കാനോ കത്തുകളും പത്രങ്ങളും സ്വീകരിക്കാനോ സ്വാതന്ത്ര്യമില്ലെന്ന കാര്യം അവൻ സമ്മതിച്ചു. അവന് ഒരു സംഗീതോപകരണവും പുസ്തകങ്ങളും അനുവദിച്ചു കൊടുത്തു. കത്തുകൾ എഴുതാനും വീഞ്ഞു കുടിക്കാനും പുകവലിക്കാനുമുള്ള അനുവാദം നൽകി. കരാറിലെ നിബന്ധന പ്രകാരം, പുറം ലോകവുമായി അവനുണ്ടായിരുന്ന ഒരേയൊരു ബന്ധം അതിനുവേണ്ടി മാത്രമുണ്ടാക്കിയ ഒരു കൊച്ചു ജനാലയായിരുന്നു. പുസ്തകങ്ങൾ, സംഗീതം, വീഞ്ഞ് അങ്ങനെ അവൻ ആഗ്രഹിക്കുന്നതെന്തും വ്യവസ്ഥ പ്രകാരം എഴുതിക്കൊടുത്താൽ ഏതളവിലും ലഭ്യമാക്കുമായിരുന്നു. പക്ഷേ അവ ജനലിലൂടെ മാത്രമേ സ്വീകരിക്കാൻ ആകുമായിരുന്നുള്ളൂ. 1870 നവംബർ 14 പന്ത്രണ്ടു മണി മുതൽ 1885 നവംബർ 14 പന്ത്രണ്ടു മണി അവസാനിക്കും വരെ കൃത്യമായി 15 വർഷം യുവാവ് അവിടെ ഏകാന്ത തടവിൽ തുടരുന്നത് ഉറപ്പാക്കുന്ന ഓരോ വിശദാംശവും നിസ്സാരകാര്യങ്ങളും കൂടി കരാറിൽ പ്രസ്താവിച്ചിരുന്നു. കാലാവധി തീരുന്നതിനു രണ്ടു നിമിഷം മുൻപ് ഈ നിബന്ധനകൾ ലംഘിക്കാനുള്ള ചെറിയ ശ്രമം പോലും അവന്റെ ഭാഗത്തു നിന്നുണ്ടായാൽ രണ്ട് ദശലക്ഷം രൂപ നൽകാനുള്ള കരാറിൽ നിന്ന് പണവ്യാപാരി മുക്തനാകും.

തടവിലാക്കപ്പെട്ട ആദ്യ വർഷത്തെ അവന്റെ ചെറിയ കുറിപ്പുകളിൽ നിന്ന് തടവുകാരൻ ഏകാന്തതയും വിഷാദവും അനുഭവിച്ചിരുന്നുവെന്ന് ഒരാൾക്ക് വിലയിരുത്താനാവും. ഉദ്യാനഗൃഹത്തിൽ നിന്ന് രാവും പകലും തുടർച്ചയായി പിയാനോ സംഗീതം കേൾക്കാമായിരുന്നു. അവൻ വീഞ്ഞും


I donot
have a
Language

പുകയിലയും നിരസിച്ചു. വീഞ്ഞ് ആഗ്രഹങ്ങളെ ഉത്തേജിപ്പിക്കുന്നു, ആഗ്രഹങ്ങൾ തടവുകാരന്റെ ഏറ്റവും മോശം ശത്രുവാകുന്നു; കൂടാതെ നല്ല വീഞ്ഞ് കുടിച്ചിട്ട് ആരെയും കാണാതിരിക്കുന്നതിനേക്കാൾ ഭയാനകമായി യാതൊന്നും തന്നെ ഇല്ലെന്നും അവനെഴുതി. പുകയില അവന്റെ മുറിയിലെ അന്തരീക്ഷം മലിനമാക്കി.

ആദ്യവർഷം അവൻ ആവശ്യപ്പെട്ട പുസ്തകങ്ങൾ പ്രധാനമായും തരള സ്വഭാവമുള്ളവയായിരുന്നു; സങ്കീർണമായ പ്രണയം വിഷയമായ നോവലുകളും ഉദ്വേഗജനകവും വിസ്മയകരവുമായ കഥകളും മറ്റും.

രണ്ടാം വർഷം ഉദ്യാനഗൃഹത്തിൽ പിയാനോ നിശ്ശബ്ദമായിരുന്നു. തടവുകാരൻ ക്ലാസിക്കുകൾ മാത്രം ആവശ്യപ്പെട്ടു. അഞ്ചാം വർഷം സംഗീതം വീണ്ടും കേൾക്കുകയും വീഞ്ഞ് ആവശ്യപ്പെടുകയും ചെയ്തു. ആ വർഷം മുഴുവൻ സമയവും അവൻ തിന്നുകയും കുടിക്കുകയും കിടക്കയിൽ കിടക്കുകയും ഇടയ്ക്കിടെ കോട്ടുവായിടുകയും ദേഷ്യത്തോടെ സ്വയം സംസാരിക്കുകയും മാത്രമായിരുന്നു ചെയ്തിരുന്നതെന്ന് ജനലിലൂടെ അവനെ നിരീക്ഷിച്ചവർ പറഞ്ഞു. അവൻ പുസ്തകങ്ങൾ വായിച്ചതേയില്ല. രാത്രിയിൽ ചിലപ്പോൾ എഴുതാനിരിക്കും. മണിക്കൂറുകളോളം അവനങ്ങനെ എഴുതും. രാവിലെ എഴുതിയതെല്ലാം കീറിക്കളയും. ഒന്നിലധികം തവണ അവൻ കരയുന്നതും കേട്ടിരുന്നു.

ആറാം വർഷത്തിന്റെ രണ്ടാം പകുതിയിൽ തടവുകാരൻ ഭാഷകളും തത്വചിന്തയും ചരിത്രവും തീക്ഷ്ണമായി പഠിക്കാൻ തുടങ്ങി. അവൻ ഇത്തരം പഠനങ്ങളിലേക്ക് ആകാംക്ഷയോടെ കടന്നതിനാൽ, ഓർഡർ ചെയ്ത പുസ്തകങ്ങൾ ലഭിക്കാൻ വേണ്ടി പണവ്യാപാരിക്ക് ഏറെ ബുദ്ധിമുട്ടേണ്ടി വന്നു. അവന്റെ അഭ്യർത്ഥന പ്രകാരം നാലു വർഷത്തിനിടയിൽ അറുന്നൂറോളം വാല്യങ്ങൾ വാങ്ങിക്കൂട്ടി. ഈ കാലയളവിലാണ് തടവുകാരനിൽ നിന്ന് പണവ്യാപാരിക്ക് ഇനിപ്പറയുന്ന കത്ത് ലഭിച്ചത്:

"എന്റെ പ്രിയപ്പെട്ട തടവറസൂക്ഷിപ്പുകാരാ, ഈ വരികൾ ഞാൻ നിങ്ങൾക്ക് ആറു ഭാഷകളിൽ എഴുതുന്നു. ആ ഭാഷകൾ അറിയാവുന്നവർക്ക് അവ കാട്ടിക്കൊടുക്കുക. അവർ അവ വായിക്കട്ടെ. അവർ ഒരു തെറ്റു പോലും കണ്ടെത്തിയില്ലെങ്കിൽ ഉദ്യാനത്തിൽ ഒരു വെടി ഉതിർക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ആ വെടിയൊച്ച എന്റെ പരിശ്രമങ്ങൾ വ്യഥാവിലായില്ലെന്നു കാണിക്കും. എല്ലാ പ്രായത്തിലും എല്ലാ ദേശങ്ങളിലുമുള്ള പ്രതിഭാശാലികൾ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നുണ്ടെങ്കിലും അവരിലെല്ലാം ജ്വലിക്കുന്നത് ഒരേ ജ്വാലയാണ്. ഓ, അവരെ മനസിലാക്കാനാകുന്നതിൽ എന്റെ ആത്മാവ് അനുഭവിക്കുന്ന അഭൗമമായ ആനന്ദം എന്താണെന്ന് നിങ്ങൾക്കിപ്പോൾ അറിയാനായെങ്കിൽ!" തടവുകാരന്റെ ആഗ്രഹം സഫലമായി. ഉദ്യാനത്തിൽ രണ്ടു വെടി ഉതിർക്കാൻ പണവ്യാപാരി ഉത്തരവിട്ടു.

പത്താം വർഷത്തിനു ശേഷം തടവുകാരൻ നിശ്ചലം മേശയ്ക്കരികിൽ ഇരുന്നു. സുവിശേഷമല്ലാതെ മറ്റൊന്നും വായിച്ചില്ല. നാലു വർഷം കൊണ്ട് അറുന്നൂറ് വിജ്ഞാന വാല്യങ്ങൾ പഠിച്ചെടുത്ത ഒരാൾ എളുപ്പം മനസിലാക്കാവുന്ന ഒരു കൊച്ചു പുസ്തകത്തിനു മേൽ ഒരു വർഷത്തോളം നഷ്ടപ്പെടുത്തിയത് പണവ്യാപാരിക്ക് വിചിത്രമായി തോന്നി. സുവിശേഷങ്ങളെ പിൻതുടരുകയായിരുന്നു ദൈവശാസ്ത്രവും മത ചരിത്രങ്ങളും.

തടവിൽകഴിഞ്ഞിരുന്ന അവസാനത്തെ രണ്ടു വർഷം തടവുകാരൻ ധാരാളം പുസ്തകങ്ങൾ വിവേചനരഹിതമായി വായിച്ചു. ഒരേസമയം പ്രകൃതിശാസ്ത്രം ഏറെ തിരക്കിട്ടു വായിച്ചു. പിന്നെ അവൻ ബൈറണേയും ഷേക്സ്പിയറേയും ആവശ്യപ്പെട്ടു. രസതന്ത്രത്തെക്കുറിച്ചുള്ള പുസ്തകങ്ങളും വൈദ്യശാസ്ത്ര സഹായ ഗ്രന്ഥവും നോവലും തത്വചിന്തയും വൈദ്യശാസ്ത്ര സംബന്ധിയായ ചില പ്രബന്ധങ്ങളും അവൻ അതേ സമയം ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പുകളും നൽകിയിരുന്നു. ആദ്യം ഒരു മരത്തടിയിലും പിന്നെ മറ്റൊന്നിലും അത്യാർത്തിയോടെ പിടിച്ച് തന്റെ ജീവൻ രക്ഷിക്കും വിധം തകർന്ന കപ്പലിന്റെ

അവശിഷ്ടങ്ങൾക്കിടയിലൂടെ ഒരാൾ കടലിൽ നീന്തുന്നതു പോലെയാണ് അവന്റെ വായന ഓർമ്മപ്പെടുത്തിയത്.

കിഴവൻ പണവ്യാപാരി ഇതെല്ലാം ഓർത്തെടുത്ത് ചിന്തിച്ചു:

"നാളെ പന്ത്രണ്ടു മണിക്ക് അവൻ സ്വാതന്ത്ര്യം വീണ്ടെടുക്കും. ഞങ്ങളുടെ കരാർ പ്രകാരം ഞാൻ അവന് രണ്ട് ദശലക്ഷം നല്കണം. ഞാൻ അവന് പണം നൽകിയാൽ എന്റെ കഥ കഴിഞ്ഞു, ഞാൻ പൂർണമായും നശിക്കും".

പതിനഞ്ചു വർഷം മുൻപ് അയാൾക്ക് കണക്കു കൂട്ടാനാകുന്നതിലും അധികം ദശലക്ഷങ്ങളുണ്ടായിരുന്നു; തന്റെ കടങ്ങളോ ആസ്തികളോ ഏതാണ് വലുതെന്ന് സ്വയം ചോദിക്കാൻ അയാൾ ഇന്ന് ഭയപ്പെട്ടു. സ്റ്റോക് എക്സ്ചേഞ്ചിലെ നിരാശാജനകമായ ചൂതാട്ടവും വന്യമായ ഊഹക്കച്ചവടവും പ്രായം ഇത്രയായിട്ടും മറികടക്കാനാവാത്ത അമിതാവേശവും ക്രമേണ അയാളുടെ സമ്പത്ത് ക്ഷയിപ്പിച്ചു. കൂടാതെ അഭിമാനിയും നിർഭയനും ആത്മവിശ്വാസവുമുള്ളവനുമായിരുന്ന കോടീശ്വരനെ നിക്ഷേപങ്ങളിലെ ഉയർച്ചതാഴ്ചകൾ വിറകൊള്ളിക്കുന്ന മൂന്നാംകിട പണവ്യാപാരി ആക്കി മാറ്റുകയും ചെയ്തു.

"ശപിക്കപ്പെട്ട പന്തയം!" കിഴവൻ നിരാശയോടെ തലയിൽ കൈവച്ച് പിറുപിറുത്തു, "എന്തുകൊണ്ട് ആ മനുഷ്യൻ മരിച്ചില്ല?" അവനിപ്പോൾ നാല്പതു വയസേയുള്ളൂ. അവൻ എന്റെ കൈവശമുള്ള അവസാന ചില്ലിക്കാശും കൈക്കലാക്കും, അവൻ വിവാഹം കഴിക്കും, ജീവിതം ആസ്വദിക്കും. എക്സ്ചേഞ്ചിൽ പോയി ചൂതാട്ടം നടത്തും. ഒരു യാചകനെപ്പോലെ അസൂയയോടെ ഞാൻ അവനെ നോക്കും, എല്ലാ ദിവസവും ഒരേ വാക്ക് അവനിൽ നിന്ന് കേൾക്കേണ്ടിയും വരും:

"എന്റെ ജീവിതത്തിലെ സന്തോഷത്തിന് ഞാൻ നിങ്ങളോട് കടപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളെ സഹായിക്കട്ടെ!"

...ഇല്ല, ഇത് താങ്ങാനാവുന്നതിലും അധികമാണ്! പാപ്പരത്തത്തിൽ നിന്നും അപമാനത്തിൽ നിന്നും രക്ഷപ്പെടാനുള്ള ഒരേയൊരു മാർഗ്ഗം ആ മനുഷ്യന്റെ മരണമാണ്!"

മണി മൂന്നടിച്ചത് പണവ്യാപാരി ശ്രദ്ധിച്ചു. വീട്ടിലുള്ളവരെല്ലാം ഉറങ്ങുകയായിരുന്നു. തണുത്തുറഞ്ഞ മരങ്ങളുടെ മർമ്മരമല്ലാതെ മറ്റൊന്നും കേൾക്കാനുണ്ടായിരുന്നില്ല. ശബ്ദമുണ്ടാക്കാതിരിക്കാൻ ശ്രമിച്ച് അയാൾ പതിനഞ്ചു വർഷമായി തുറക്കാത്ത വാതിലിന്റെ താക്കോൽ തീപിടിക്കാത്ത ഇരുമ്പുപെട്ടിയിൽ നിന്നെടുത്ത് ഓവർ കോട്ടുമിട്ട്, വീടിനു പുറത്തേക്കു പോയി.

ഉദ്യാനത്തിലെ ഇരുട്ടിനും തണുപ്പിനും പുറമെ മഴ പെയ്യുന്നുണ്ടായിരുന്നു. മരങ്ങൾക്ക് വിശ്രമം കൊടുക്കാതെ മുരണ്ടുകൊണ്ട് നനഞ്ഞുമരവിച്ച കാറ്റ് ഉദ്യാനത്തെ ചുറ്റി അലയുന്നുമുണ്ടായിരുന്നു. പണവ്യാപാരി കണ്ണുകളെ ആയാസപ്പെടുത്തിയെങ്കിലും മണ്ണോ വെളുത്ത പ്രതിമകളോ ഉദ്യാനഗൃഹമോ മരങ്ങളോ അയാൾക്ക് കാണാനായില്ല. ഉദ്യാനഗൃഹം സ്ഥിതിചെയ്യുന്നിടത്തെത്തി അയാൾ രണ്ടു തവണ കാവൽക്കാരനെ വിളിച്ചു. മറുപടി ഉണ്ടായില്ല. ആ കാലാവസ്ഥയിൽ നിന്ന് അഭയം തേടി കാവൽക്കാരൻ അടുക്കളയിലോ ലതാഗൃഹത്തിലോ ഉറപ്പായും ഉറങ്ങുകയായിരിക്കണം അപ്പോൾ.

"എന്റെ ലക്ഷ്യം നിറവേറ്റാൻ എനിക്ക് ധൈര്യം വരികയാണെങ്കിൽ," കിഴവൻ വിചാരിച്ചു, "സംശയം ആദ്യം കാവൽക്കാരനുമേൽ പതിയും".

പടികളും വാതിലും ഇരുട്ടിൽ തൊട്ടറിഞ്ഞ് അയാൾ ഉദ്യാനഗൃഹത്തിന്റെ പ്രവേശനകവാടത്തിലേക്കു പോയി. പിന്നെ അയാൾ തപ്പിത്തടഞ്ഞ് ഒരു ചെറിയ ഇടനാഴിയിൽ പ്രവേശിച്ച് തീപ്പെട്ടിക്കൊളുത്തു കത്തിച്ചു. അവിടെ ആരും


ഉണ്ടായിരുന്നില്ല. കിടക്ക ഇല്ലാത്ത ഒരു കട്ടിലും മൂലയിൽ ഇരുണ്ട ഒരു വാർപ്പിരുമ്പ് സ്റ്റൗവും ഉണ്ടായിരുന്നു. തടവുകാരന്റെ മുറിയിലേക്കുള്ള വാതിലിന്റെ മുദ്രകൾക്ക് ഊനം തട്ടിയിരുന്നില്ല.

തീക്കമ്പിലെ വെളിച്ചം അണഞ്ഞപ്പോൾ വികാരം കൊണ്ടു വിറച്ച കിഴവൻ ചെറിയ ജനലിലൂടെ ഒളിഞ്ഞു നോക്കി.

തടവറമുറിയിൽ ഒരു മെഴുകുതിരി മങ്ങിക്കത്തുന്നുണ്ടായിരുന്നു. അവൻ മേശയ്ക്കരികിൽ ഇരിക്കുന്നുണ്ടായിരുന്നു. അവന്റെ പുറവും തലയിലെ മുടിയും കൈകളുമല്ലാതെ മറ്റൊന്നും കാണാനായില്ല. മേശപ്പുറത്തും രണ്ടു ചാരുകസേരകളിലും മേശയ്ക്കടുത്തുള്ള പരവതാനിയിലും തുറന്ന പുസ്തകങ്ങൾ കിടന്നിരുന്നു.

അഞ്ചു നിമിഷത്തിനു ശേഷവും തടവുകാരൻ ഒരിക്കൽ പോലും അനങ്ങിയില്ല. പതിനഞ്ചു വർഷത്തെ തടവ് അവനെ അനങ്ങാതിരിക്കാൻ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. പണവ്യാപാരി വിരലുകൾ കൊണ്ട് ജനലിൽ തട്ടി. തടവുകാരനിൽ നിന്നും പ്രതികരണമായി യാതൊരു അനക്കവുമുണ്ടായില്ല. അയാൾ ശ്രദ്ധാപൂർവ്വം വാതിലിലെ മുദ്രകൾ പൊളിച്ച് താക്കോൽ പഴുതിൽ താക്കോലിട്ടു. തുരുമ്പിച്ച പൂട്ട് ഒരു ഇടർച്ച ശബ്ദം പുറപ്പെടുവിച്ച് വാതിൽ കിരുകിരുത്തു. കാലൊച്ചയും അമ്പരപ്പിക്കുന്ന നിലവിളിയും കേൾക്കുമെന്ന് പണവ്യാപാരി പ്രതീക്ഷിച്ചെങ്കിലും മൂന്നു നിമിഷത്തിനു ശേഷവും ഉദ്യാനഗൃഹം എന്നത്തേയും പോലെ നിശ്ശബ്ദമായിരുന്നു. അയാൾ അകത്തു കടക്കാൻ തീരുമാനിച്ചു.

മേശയ്ക്കരികിൽ സാധാരണ മനുഷ്യരിൽ നിന്ന് വ്യത്യസ്തമായി ഒരാൾ അനങ്ങാതിരുന്നിരുന്നു. ഒരു സത്രീയുടേതു പോലെ നീണ്ടു ചുരുണ്ട മുടിയും ഒതുക്കമറ്റ താടിയുമായി എല്ലിന്മേൽ തൊലി ചുറ്റിയ അസ്ഥികൂടമായി അവൻ മാറിയിരുന്നു. അവശ മുഖം മൺ നിറം കലർന്ന് മഞ്ഞയായിരുന്നു. അവന്റെ കവിളുകൾ പൊള്ളയും പിൻഭാഗം


is there
evidence
that
You lived

ഇടുങ്ങി മെലിഞ്ഞതുമായിരുന്നു, രോമം നിറഞ്ഞ അവന്റെ ശിരസ്സു താങ്ങിയ കൈ ഏറെ മെലിഞ്ഞതും മൃദുവുമായതിനാൽ കാഴ്ചയിൽ ഭയാനകമായിരുന്നു അത്. അവന്റെ തലമുടിയിൽ ഇതിനകം തന്നെ വെള്ളിവര വീണിരുന്നു. ശോഷിച്ചതും പ്രായം തോന്നിക്കുന്നതുമായ മുഖം കണ്ടാൽ, അവന് നാല്പതു വയസ്സു മാത്രമാണുള്ളതെന്ന് ആരും വിശ്വസിക്കുമായിരുന്നില്ല. അവൻ മയക്കത്തിലായിരുന്നു. അവന്റെ കുനിഞ്ഞ ശിരസ്സിനു മുന്നിൽ മേശപ്പുറത്ത് ഒരു കടലാസുകഷ്ണം കിടന്നിരുന്നു. അതിൽ മനോഹരമായ കയ്യക്ഷരത്തിൽ എന്തോ എഴുതിയിരുന്നു.

"പാവം ജന്തു!" പണവ്യാപാരി വിചാരിച്ചു, "അവൻ ഉറങ്ങുകയാണ്, മിക്കവാറും ദശലക്ഷങ്ങളെക്കുറിച്ച് സ്വപ്നം കാണുകയുമാണ്. പാതി മരിച്ച ആ മനുഷ്യനെ എടുത്തു കട്ടിലിലേയ്ക്കിട്ട്, തലയിണ കൊണ്ടമർത്തി ചെറുതായി ഒന്നു ശ്വാസം മുട്ടിച്ചാൽ ഹിംസാത്മകമായ മരണത്തിന്റെ യാതൊരു സൂചനയും ഏറ്റവും സത്യസന്ധനായ ഒരു വിദഗ്ധനു പോലും കണ്ടെത്താനാവില്ല. എങ്കിലും അവൻ ഇവിടെ എഴുതിവച്ചത് ആദ്യം വായിക്കാം..."

പണവ്യാപാരി മേശപ്പുറത്തു നിന്ന് കടലാസെടുത്ത് ഇനിപ്പറയും വിധം വായിച്ചു:

"നാളെ പന്ത്രണ്ടു മണിക്ക് ഞാനെന്റെ സ്വാതന്ത്ര്യവും മറ്റുള്ളവരുമായി സഹവസിക്കാനുള്ള അവകാശവും വീണ്ടെടുക്കും. എന്നാൽ ഞാൻ ഈ മുറി വിട്ട് സൂര്യപ്രകാശം കാണുന്നതിനു മുൻപ് നിങ്ങളോട് ഏതാനും വാക്കുകൾ പറയേണ്ടത് ആവശ്യമാണെന്നു തോന്നുന്നു. ശുദ്ധമായ മനഃസാക്ഷിയോടെ എന്നെ കാണുന്ന ദൈവത്തിനു മുന്നിലെന്ന പോലെ നിങ്ങളോടു പറയുന്നു; സ്വാതന്ത്ര്യവും ജീവിതവും ആരോഗ്യവും നിങ്ങളുടെ പുസ്തകങ്ങളിലുള്ള ലോകത്തിലെ എല്ലാ നല്ല കാര്യങ്ങളും അവജ്ഞയോടെ ഞാൻ തള്ളിക്കളയുന്നു.



"പതിനഞ്ചു വർഷമായി ഞാൻ ഭൂമിയിലെ ജീവിതം ശ്രദ്ധാപൂർവ്വം പഠിക്കുകയാണ്. ഞാൻ ഭൂമിയേയോ മനുഷ്യരേയോ കണ്ടിട്ടില്ല എന്നത് സത്യമാണെങ്കിലും നിങ്ങളുടെ പുസ്തകങ്ങളിൽ നിന്ന് ഞാൻ സുഗന്ധമുള്ള വീഞ്ഞ് കുടിച്ചു. ഞാൻ പാട്ടുകൾ പാടി, കാടുകളിൽ കലമാനുകളെയും കാട്ടുപന്നികളെയും വേട്ടയാടി,സ്ത്രീകളെ പ്രണയിച്ചു... നിങ്ങളുടെ കവികളുടെയും പ്രതിഭാശാലികളുടെയും മാന്ത്രികതയാൽ സൃഷ്ടിക്കപ്പെട്ട മേഘങ്ങളെപ്പോലെയുള്ള സ്വർഗീയ സൗന്ദര്യങ്ങൾ രാത്രിയിൽ എന്നെ സന്ദർശിച്ച്, തലച്ചോറിനെ ചുഴലിക്കാറ്റിലാക്കുന്ന അത്ഭുതകരമായ കഥകൾ എന്റെ ചെവിയിൽ മന്ത്രിച്ചിട്ടുണ്ട്. നിങ്ങളുടെ പുസ്തകങ്ങളിലൂടെ ഞാൻ എൽബ്രൂർസ്, മോണ്ട് ബ്ലാങ്ക് കൊടുമുടികൾ കയറിയിട്ടുണ്ട്. അവിടെ നിന്ന് സൂര്യോദയവും സന്ധ്യയിൽ സൂര്യൻ ആകാശം നിറഞ്ഞു തുളുമ്പുന്നതും, കടലും സമുദ്രവും, സ്വർണവും സിന്ദൂരവുമണിയുന്ന പർവ്വതശിഖരങ്ങളും ഞാൻ കണ്ടിട്ടുണ്ട്. എന്റെ ശിരസിനുമേലെ മിന്നൽ പ്രകാശിക്കുന്നതും കൊടുങ്കാറ്റുപിടിച്ച മേഘങ്ങളെ പിളർത്തുന്നതും ഞാൻ കണ്ടിട്ടുണ്ട്. ഹരിത വനങ്ങളും വയലുകളും പുഴകളും തടാകങ്ങളും നഗരങ്ങളും ഞാൻ കണ്ടിട്ടുണ്ട്. സാഗരമോഹിനിമാരുടെ ഗീതങ്ങളും, ഇടയന്മാർ പുല്ലാങ്കുഴലിൽ പാടുന്നതും ഞാൻ കേട്ടിട്ടുണ്ട്. ദൈവത്തെക്കുറിച്ച് എന്നോടു സംവദിക്കാൻ താഴേക്കു പറന്നു വന്ന അഴകാർന്ന പിശാചുക്കളുടെ ചിറകുകൾ ഞാൻ തൊട്ടിട്ടുണ്ട്.... നിങ്ങളുടെ പുസ്തകങ്ങളുടെ അഗാധമായ കുഴിയിലേക്കു ഞാൻ എന്നെ തള്ളിയിട്ടു. അത്ഭുതങ്ങൾ കാണിച്ചു, കൊന്നു, പട്ടണങ്ങൾ കത്തിച്ചു, പുതിയ മതങ്ങളെക്കുറിച്ചു പ്രസംഗിച്ചു, എല്ലാ സാമ്രാജ്യങ്ങളും കീഴടക്കി...

"നിങ്ങളുടെ പുസ്തകങ്ങൾ എനിക്ക് ജ്ഞാനം നൽകി. മനുഷ്യന്റെ അസ്വസ്ഥ ചിന്തകൾ യുഗങ്ങളായി സൃഷ്ടിച്ചതെല്ലാം എന്റെ തലച്ചോറിലെ ഒരു ചെറിയ മണ്ഡലത്തിൽ ഞാൻ സമാഹരിച്ചിരിക്കുന്നു. നിങ്ങളെല്ലാവരേക്കാളും ജ്ഞാനിയാണ് ഞാനെന്ന് എനിക്കറിയാം.



When the banker had
read this he laid the
page on the table, kind-
the strange two million
of which I dreamed
as of paradise and
which now I despise.
To deprive myself
of the rights
to the money I
shall go out
from here five
hours before the
time fixed and

"ഞാൻ നിങ്ങളുടെ പുസ്തകങ്ങളെ അവജ്ഞയോടെ തള്ളിക്കളയുന്നു, ജ്ഞാനത്തേയും ഈ ലോകത്തിന്റെ ആഗ്രഹങ്ങളേയും ഞാൻ പുച്ഛത്തോടെ തള്ളിക്കളയുന്നു. അതെല്ലാം മരീചിക പോലെ വിലയില്ലാത്തതും ക്ഷണികവും മായികവും മോഹിപ്പിക്കുന്നതുമാണ്. നിങ്ങൾ അഭിമാനിയും ജ്ഞാനിയും ശ്രേഷ്ഠനമായിരിക്കാം, പക്ഷേ തറയുടെ ഉള്ള് തുരക്കുന്ന ചുണ്ടെലികളേക്കാൾ ഒട്ടും മെച്ചമല്ലാത്ത രീതിയിൽ മരണം നിങ്ങളെ ഭൂമുഖത്തു നിന്ന് തുടച്ചു നീക്കും. നിങ്ങളുടെ പിൻഗാമികളും നിങ്ങളുടെ ചരിത്രവും നിങ്ങളുടെ അനശ്വര പ്രതിഭകളും ഭൂഗോളത്തിനൊപ്പം ഒന്നിച്ച് കത്തി നശിക്കുകയോ മരവിക്കുകയോ ചെയ്യും.

"നിങ്ങൾ യുക്തി നഷ്ടപ്പെട്ട്, തെറ്റായ വഴി സ്വീകരിച്ചു. സത്യത്തിനു പകരം നുണയും സൗന്ദര്യത്തിനു പകരം ബീഭത്സതയും സ്വീകരിച്ചു. ചിലതരം വിചിത്രമായ സംഭവങ്ങൾ കൊണ്ട് ആപ്പിൾ മരങ്ങളുടെയും ഓറഞ്ചു മരങ്ങളുടെയും ഫലങ്ങൾക്കു പകരം തവളകളും പല്ലികളും വേഗത്തിൽ വളർന്നാൽ നിങ്ങൾ അത്ഭുതപ്പെടും, അല്ലെങ്കിൽ റോസപ്പൂക്കൾക്ക് വിയർക്കുന്ന കുതിരയുടെ ഗന്ധം അനുഭവപ്പെടാൻ തുടങ്ങിയാൽ; അതുപോലെ സ്വർഗത്തിനു പകരം ഭൂമി കൈമാറി വാങ്ങുന്ന നിങ്ങളെ ഓർത്ത് ഞാൻ അത്ഭുതപ്പെടുന്നു. എനിക്ക് നിങ്ങളെ മനസിലാക്കാൻ ആഗ്രഹമില്ല.

"നിങ്ങൾ ജീവിക്കുന്നതെല്ലാം ഞാൻ പുച്ഛത്തോടെ എങ്ങനെയാണ് കാണുന്നതെന്ന് തെളിയിക്കാൻ വേണ്ടി, ഒരിക്കൽ ഞാൻ സ്വർഗമായി സ്വപ്നം കണ്ടതും ഇപ്പോൾ അവജ്ഞയോടെ കാണുന്നതുമായ ആ രണ്ട് ദശലക്ഷം ഉപേക്ഷിക്കുന്നു. പണത്തിനുള്ള അവകാശം നിഷേധിക്കുന്നതിന്റെ ഭാഗമായി നിശ്ചയിച്ച സമയത്തിനു അഞ്ച് മണിക്കൂർ മുൻപ് ഞാൻ ഇവിടം വിട്ടു പോകും. അങ്ങനെ ആ കരാർ തകർക്കും... "

പണവ്യാപാരി ഇതു വായിച്ചതിനു ശേഷം ആ കടലാസ്



മേശപ്പുറത്തു വച്ച്, അപരിചിതന്റെ ശിരസ്സിൽ ചുംബിച്ചു. കരഞ്ഞുകൊണ്ട് ഉദ്യാനഗൃഹത്തിനു പുറത്തേക്ക് പോയി. മുമ്പൊരിക്കലും, സ്റ്റോക്ക് എക്സ്ചേഞ്ചിൽ കനത്ത നഷ്ടം സംഭവിച്ചപ്പോൾ പോലും, തോന്നാത്തത്രയും വലിയ ആത്മനിന്ദ അയാൾക്കപ്പോൾ തോന്നി. വീട്ടിലെത്തി കിടക്കയിൽ കിടന്നപ്പോൾ, കണ്ണീരും വികാരത്തള്ളിച്ചയും മണിക്കൂറുകളോളം അയാളുടെ ഉറക്കം തടഞ്ഞു.

പിറ്റേന്ന് രാവിലെ കാവൽക്കാർ വിളറിയ മുഖത്തോടെ ഓടി വന്ന് ഉദ്യാനഗൃഹത്തിൽ താമസിച്ചിരുന്ന മനുഷ്യൻ ജനാലവഴി പുറത്തേക്കു ചാടിക്കടന്ന് ഉദ്യാനത്തിലൂടെ പ്രവേശന കവാടത്തിലേക്കു പോയി അപ്രത്യക്ഷനായത് അവർ കണ്ടതായി അയാളോടു പറഞ്ഞു. പണവ്യാപാരി ഉടൻ തന്നെ സേവകരോടൊപ്പം ഉദ്യാനഗൃഹത്തിലെത്തി, തടവുകാരന്റെ പലായനം ഉറപ്പുവരുത്തി. അനാവശ്യ സംസാരം ഉയരാതിരിക്കാൻ ദശലക്ഷങ്ങൾ ഉപേക്ഷിച്ചു കൊണ്ടുള്ള കത്ത് മേശപ്പുറത്തു നിന്നെടുത്ത് അയാൾ വീട്ടിലെത്തി തീ പിടിക്കാത്ത ഇരുമ്പു പെട്ടിയിൽ വച്ചു പൂട്ടി.



അന്തോൺ പാവ്ലോവിച്ച് ചെഖോവ് റഷ്യൻ ചെറുകഥാകൃത്തും നാടകകൃത്തുമായിരുന്നു. തെക്കേ റഷ്യയിലെ റ്റാഗൻറോഗ് എന്ന സ്ഥലത്ത് 1860 ജനുവരി 29-ന ജനിച്ചു. ജർമ്മനിയിലെ ബാദന്വീലർ എന്ന സ്ഥലത്തെ ഹെൽത്ത്-സ്പായിൽ വെച്ച് 1904 ജൂലൈ 15-ന ക്ഷയരോഗം ബാധിച്ച് മരിച്ചു. അദ്ദേഹത്തിന്റെ ചുരുങ്ങിയ കാലത്തെ നാടകരചനാ ജീവിതം നാല് ക്ലാസിക്കുകൾ പ്രദാനം ചെയ്തു.

ആധുനിക ചെറുകഥയുടെ പരിണാമത്തെ തന്നെ സ്വാധീനിച്ച സൃഷ്ടിപരമായ പരീക്ഷണങ്ങൾ ചെഖോവ് തന്റെ കഥകളിൽ നടത്തി. വിർജിനിയ വുൾഫ്, ജെയിംസ് ജോയ്സ് തുടങ്ങിയവർ ഉപയോഗിച്ച ബോധധാരാശൈലി രൂപപ്പെടുത്തിയത് ചെഖോവ് ആയി രുന്നു. ചെഖോവിന്റെ അഭിപ്രായത്തിൽ ഒരു കലാകാരന്റെ ഭാഗം ചോദ്യങ്ങൾ ചോദിക്കുക എന്നതാണ്. അവയ്ക്ക് ഉത്തരം നൽകുക എന്നതല്ല.

ചെഖോവിന്റെ ഏറ്റവും നല്ല ചെറുകഥകളെ എഴുത്തുകാരും നിരൂപകരും ആദരവോടെ കാണുന്നു.

(വിവരങ്ങൾ വിക്കിപീഡിയയിൽ നിന്ന്)



എന്തായിരുന്നു കുട്ടികളുടെ ചർച്ചാവേദി

ഗൗരിപ്രിയ.പി.എസ്

കോവിഡ് മഹാമാരിക്കാലത്തെ അടച്ചുപൂട്ടലുകളിൽ കുട്ടികൾ അനുഭവിച്ച മനസികസംഘർഷങ്ങൾക്ക് ആശ്വാസം പകരാനാണ് കുട്ടികളുടെ ചർച്ചാവേദി എന്ന ആശയത്തിന് ഞങ്ങൾ തുടക്കം കുറിച്ചത്. ഗവ.ട്രൈബൽ ഹൈസ്കൂൾ മീനാങ്കൽ പഠിച്ചിരുന്ന ഞങ്ങൾ നാല് സുഹൃത്തുക്കൾ ചേർന്നാണ് കഴിഞ്ഞ വർഷം (2020) ഈ ഒരാശയം മുന്നോട്ട് വച്ചത്. ആദ്യം ഞങ്ങൾ നാലു സുഹൃത്തുക്കൾക്ക് വേണ്ടി മാത്രം ചർച്ചകൾ സംഘടിപ്പിക്കാമെന്ന് ചിന്തിച്ചെങ്കിലും പിന്നീട് നമ്മളെപ്പോലെ മറ്റ് സ്കൂളുകളിലും ഉള്ള കുട്ടികൾക്ക് കൂടി ഉപകാരപ്രദമാകുന്ന രീതിയിൽ ചർച്ചകൾ സംഘടിപ്പിച്ചു. ഞങ്ങളുടെ സ്കൂളിൽ നടത്തിവന്നിരുന്ന 'പ്രതിവാരചർച്ചാവേദി' എന്ന പ്രവർത്തനം ഞങ്ങൾക്ക് ഇതിന് വലിയ മുതൽക്കൂട്ടായി മാറി. കുട്ടികളുടെ ചർച്ചാവേദി എന്ന സ്വതന്ത്ര ഓൺലൈൻ കൂട്ടായ്മ ഞങ്ങൾ സംഘടി

പ്പിച്ചത് ഗൂഗിൾ മീറ്റിൽ ആയിരുന്നു. 2020 ജൂലൈയിൽ ആയിരുന്നു ആദ്യ ചർച്ച സംഘടിപ്പിച്ചത്. അന്ന് ഞങ്ങൾ 4 സുഹൃത്തുക്കളും (ഗൗരിപ്രിയ,അസ്ന,ദേവിക,അഭിരാമി) ഞങ്ങൾക്ക് എല്ലാവിധ പിന്തുണകളും നൽകുന്ന രണ്ട് അധ്യാപകരും മാത്രം ആണ് ഉണ്ടായിരുന്നത്. ലോക്ക്ഡൗൺ ഞങ്ങൾ ഓരോരുത്തരിലും ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ ആയിരുന്നു ഞങ്ങൾ ആദ്യചർച്ചയിൽ പങ്കുവച്ചത്. ചർച്ചാവേദിയുടെ ഉദ്ഘാടനം നടത്തിയത് അസ്ന ആയിരുന്നു. അടുത്ത ചർച്ചയിലും ഞങ്ങൾ നാലുപേരും ഞങ്ങളുടെ അധ്യാപകരും ആണ് ഉണ്ടായിരുന്നത്. അന്നത്തെ ചർച്ചയിൽ അതിഥി ആയി എത്തിയത് ഇ.എ.ആന്റണി സാറായിരുന്നു. കരിയർ ഗൈഡൻസ് ആയിരുന്നു അന്നത്തെ വിഷയം.

മറ്റു സ്കൂളുകളിലെ കുട്ടികൾക്കു കൂടി ഈ ചർച്ചകൾ വളരെ ഉപകാരം ആകുമെന്ന കാഴ്ചപ്പാടോടെ ആണ് ഞങ്ങൾ തുടർന്നുള്ള ചർച്ചകൾ ആസൂത്രണം ചെയ്തത്. ചിങ്ങം 1 (2020 ആഗസ്റ്റ് 17) ആയിരുന്നു ഞങ്ങളുടെ അടുത്ത പ്രോഗ്രാം. അത് നവോത്ഥാന മാസാചാരണത്തിന്റെ കൂടെ ആരംഭം എന്ന രീതിയിൽ ആയിരുന്നു സംഘടിപ്പിച്ചത്. കേരളത്തിലെ നവോത്ഥാന നായകരിൽ ഏറെപ്പേരും ജനിച്ചത് ചിങ്ങമാസത്തിൽ ആണ്. അതിനാൽ ചിങ്ങമാസം ഞങ്ങൾ നവോത്ഥാനമാസമായി ആചരിച്ചു. അന്നത്തെ ചർച്ചയുടെ വിഷയം വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' ആയിരുന്നു. അൻവർ അലി സാറും അനിതാതമ്പി മാഡവും ആയിരുന്നു അന്നത്തെ അതിഥികൾ. നവോത്ഥാന കലണ്ടറും അന്ന് ഞങ്ങളിൽ ചില കൂട്ടുകാർ തയ്യാറാക്കി പ്രകാശനം ചെയ്തു. നാലാമത്തെ ചർച്ച ആഗസ്റ്റ് 28ന് ആയിരുന്നു. 'പഠിക്കാൻ പഠിക്കാം' എന്ന വിഷയത്തിൽ കുട്ടികളോട് സംവദിക്കാൻ എത്തിയത് എസ്.എൽ.സഞ്ജീവ് സാറാണ്. പഠിക്കുന്നതിന്റെ ശാസ്ത്രീയവും അശാസ്ത്രീയവും ആയ വശങ്ങൾ ആ ചർച്ചയിലൂടെ ഏറെ കുട്ടികൾക്കും മനസിലായി.

യൂണിവേഴ്സിറ്റി കോളെജിലെ ജിയോളജി വിഭാഗം അധ്യാപകനായ ഡോ.ബിജു ലോങ്ജിനോസ് സാറാണ് ഞങ്ങളുടെ അഞ്ചാമത്തെ ചർച്ചയിൽ (2020 സെപ്തംബർ 10) അതിഥിയായി എത്തിയത്. ഈ ചർച്ചയിൽ നമ്മുടെ ഭൂമിയുടെ അകവും പുറവും സംബന്ധിക്കുന്ന

ഒരുപാട് സംശയങ്ങൾ കുട്ടികൾ അദ്ദേഹത്തോട് ചോദിച്ചു. അതിൽ നിന്നെല്ലാം നമ്മുടെ ഭൂമിയിലെ ഏതൊന്നിനെയും വളരെ മികച്ച രീതിയിൽ നിരീക്ഷിക്കുന്ന കുട്ടികൾ ആണ് നമ്മുടെ ചർച്ചയിൽ പങ്കെടുക്കുന്നത് എന്ന് ഉറപ്പിക്കാൻ കഴിഞ്ഞു.

'ടോട്ടോച്ചാൻ കേരളീയാനുഭവം' എന്ന വിഷയത്തിലായിരുന്നു അടുത്ത ചർച്ച. കെ.കെ.കൃഷ്ണകുമാർ സാർ, അൻവർ അലി സാർ എന്നിവർ ആയിരുന്നു അന്നത്തെ ഞങ്ങളുടെ അതിഥികൾ. കൃഷ്ണ കുമാർ സാറിന്റെ നിർദേശപ്രകാരം ആയിരുന്നു അൻവർ അലി സാർ ടോട്ടോചാൻ എന്ന പുസ്തകം മലയാളത്തിലേക്ക് തർജമ ചെയ്തത്. ആ അനുഭവങ്ങൾ എല്ലാം ഞങ്ങൾക്ക് അവർ പകർന്നു തന്നു. മനസിൽ നിന്ന് ഒരിക്കലും മായാത്ത ഒരു ചർച്ച ആയിരുന്നു അത്.

ഗാന്ധിജിയുടെ 151ആം ജന്മദിനമായ 2020 ഒക്ടോബർ 2ന് ആയിരുന്നു അടുത്ത പ്രോഗ്രാം. എസ്.ഗോപാലകൃഷ്ണൻ സാറായിരുന്നു അന്നത്തെ ചർച്ചയിൽ ഞങ്ങളോട് സംവദിക്കാൻ എത്തിയത്. ഇന്നത്തെ ജനത മുറുകെ പിടിക്കേണ്ട ഗാന്ധിയൻ ആദർശങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു.

ഡൽഹി യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനും ഇന്ത്യയിലെ പ്രശസ്ത ഉഭയജീവി ഗവേഷകനുമായ ഡോ. എസ്.ഡി. ബിജു സാറായിരുന്നു ഞങ്ങളുടെ എട്ടാമത്തെ ചർച്ചയിലെ അതിഥി. ഒക്ടോബർ 17 നായിരുന്നു ചർച്ച സംഘടിപ്പിച്ചത്. 'പരിസരം കണ്ടെത്തലും സംരക്ഷണവും' എന്നതായിരുന്നു ചർച്ചാവിഷയം.

യു.പി. വിഭാഗം കുട്ടികളെ കൂടി പരിഗണിച്ചായിരുന്നു ഞങ്ങളുടെ അടുത്ത ചർച്ച. മാതൃഭൂമി റേഡിയോ അവതാരകയായ അഞ്ജലി രാജൻ മാഡം ആയിരുന്നു അന്നത്തെ ചർച്ചയിൽ കുട്ടികളോട് സംവദിച്ചത്. 'കഥാലോകം'എന്നതായിരുന്നു അന്നത്തെ നമ്മുടെ ചർച്ചാവിഷയം.

നവംബർ 3ന് ആയിരുന്നു പത്താമതായി ചർച്ച സംഘടിപ്പിച്ചത്. ഡോ.പി.കെ. രാജശേഖരൻ സാറാണ് അന്ന് ഞങ്ങളോട് സംസാരിച്ചത്. മലയാളം അച്ചടി 200 വർഷം തികയുന്നതിനോട്

അനുബന്ധിച്ച് 'അക്ഷരപാതകൾ: മലയാളം അച്ചടിയുടെ 200 വർഷങ്ങൾ' എന്നതായിരുന്നു ചർച്ചാവിഷയം.

അടുത്ത ചർച്ചാവേദിയും യു.പി. കുട്ടികൾക്ക് വേണ്ടിയായിരുന്നു സംഘടിപ്പിച്ചത്. നവംബർ 21ന നടത്തിയ അന്നത്തെ ചർച്ചയുടെ വിഷയം 'പ്രകൃതിയെ വായിക്കാം' എന്നതായിരുന്നു. വിജയകുമാർ ബ്ലാത്തൂർ സാറാണ് ഈ ചർച്ചയിൽ അതിഥിയായി എത്തിയത്.

കുട്ടികളുടെ ചർച്ചാവേദിയുടെ അവസാനത്തെ ചർച്ച സംഘടിപ്പിച്ചത് ഭാഷാപ്രവർത്തന ദിനമായ നവംബർ 27ന് ആയിരിന്നു. നവംബർ മാസം ഞങ്ങളുടെ സ്കൂളിൽ ഭാഷാപ്രവർത്തന മാസാചരണം നടത്തിവരാറുണ്ടായിരുന്നു. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ സ്മരണയ്ക്ക് ഞങ്ങളുടെ ഗ്രന്ഥശാലയ്ക്ക് ഞങ്ങൾ 'ശബ്ദതാരാവലി ഗ്രന്ഥശാല' എന്ന് പേര് നൽകിയിരിന്നു. അതിന്റെ തുടർച്ചയായ ഈ ചർച്ചയിൽ അതിഥിയായെത്തിയത് അനിവർ അരവിന്ദ് സാറാണ്. 'മലയാളം കംപ്യൂട്ടിങിന്റെ രണ്ടു പതിറ്റാണ്ട്' എന്ന വിഷയത്തിലാണ് ചർച്ച നടത്തിയത്.

കേരളത്തിലെ വിവിധ സ്കൂളുകളിൽ നിന്നെത്തിയ കുട്ടികളുടെ സജീവ സാന്നിധ്യവും പിന്തുണയും സംഘാടകരായ ഞങ്ങൾക്ക് വീണ്ടും വീണ്ടും ചർച്ചകൾ സംഘടിപ്പിക്കാനുള്ള ആത്മവിശ്വാസവും ആവേശവും പകർന്നു. ഈ ചർച്ചകളെല്ലാം സംഘാടകർ എന്ന നിലയിൽ ഞങ്ങളെ ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചു. ഞങ്ങളുടെ ഓൺലൈൻ കൂട്ടായ്മയിൽ പങ്കെടുത്ത എല്ലാ കൂട്ടുകാർക്കും നന്ദി പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. കൂടാതെ എന്റെ അമ്മ ഉൾപ്പെടെ എല്ലാ രക്ഷകർത്താക്കൾക്കും ഞാൻ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. രക്ഷകർത്താക്കളുടെ പൂർണ പിന്തുണയാണ് ഞങ്ങളുടെ വിജയം. വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് ഈ ചർച്ചാവേദിയിൽ പങ്കെടുക്കാൻ അവസരം ഒരുക്കി നൽകിയ അവരുടെ അദ്ധ്യാപകർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കാൻ ഈ സാഹചര്യം ഉപയോഗപ്പെടുത്തുന്നു.

കോവിഡ്കാലം ഉണ്ടാക്കിയ ചില മാനസിക സംഘർഷങ്ങൾക്കെതിരെ പോരാടാൻ ഈ ചർച്ചാവേദി ഞങ്ങളെ സഹായിച്ചു. ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനോടൊപ്പം തന്നെ ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങാനും ഞങ്ങൾ നാലു പേർക്കും കഴിഞ്ഞു. ഞങ്ങളുടെ ചർച്ചാവേദിയുടെ ഒന്നാം വാർഷികം പ്രമാണിച്ച് ഒരു പുസ്തകം പുറത്തിറക്കികൊണ്ട് ഞങ്ങൾ ഈ പ്രവർത്തനം അവസാനിപ്പിക്കുകയാണ്. അന്തോൺ ചെഖോവിന്റെ 'പരി' എന്ന കഥ മലയാളത്തിൽ പുസ്തകരൂപത്തിലും ശബ്ദരൂപത്തിലും ഞങ്ങൾ പുറത്തിറക്കുന്നു. ഇതിനു പേരായി നൽകുന്നത് 'പള്'എന്ന നാട്ടുവാക്കാണ്. ഞങ്ങൾക്ക് ഒരു നല്ല തുടക്കം കിട്ടി. അതുപോലെ ഈ പ്രവർത്തനത്തിലൂടെ ഒരു നല്ല അവസാനവും കിട്ടി എന്ന പ്രതീക്ഷയോടെ ഇവിടെ നിർത്തുന്നു.



കുട്ടികളുടെ
ചർച്ചാവേദി
മീനാങ്കൽ